**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **15-03-2022 - ൽ മറുപടിയ്ക്ക്**

**യു. ഐ. റ്റി. സെൻറർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെൻററുകളിലെ അദ്ധ്യാപകർക്ക് നൽകിവരുന്ന വേതന നിരക്കുകൾ വിശദമാക്കുമോ; | (എ) | യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളിലെ അദ്ധ്യാപകർക്ക് നൽകിവരുന്ന വേതന നിരക്കുകൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രോവിഡൻറ് ഫണ്ട്, പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ എന്നിവ യു.ഐ.റ്റി. സെൻറർ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | പ്രൊവിഡന്റ് ഫണ്ട് നൽകുന്നത് സംബന്ധിച്ച വിഷയം സർവ്വകലാശാലയുടെ പരിഗണനയിലാണ്. 02.03.2021 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ എ.ഡി.എ V.6927/2020 പ്രകാരം പ്രസവസംബന്ധമായ ആനുകൂല്യങ്ങൾ നൽകി വരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.) |
| (സി) | ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് ഉൾപ്പെടെ യു.ഐ.റ്റി. സെൻററുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് യൂണിവേഴ്സിറ്റി തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ; | (സി) | യു.ഐ.ടി കളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായും സ്ഥലം ജനപ്രതിനിധികളുമായും സഹകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇരുപത് വർഷക്കാലത്തിലധികമായി ജോലി ചെയ്തുവരുന്ന യു.ഐ.റ്റി. അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വേതനവും ആനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| | | | | |
|---|---|---|---|---|
| 1. | Principal | 1. | P.G.Degree with not less than 55% marks and 10 years of teaching experience from affiliated colleges. | 34.000/- |
| | | 2. | Teachers rtd.from Govt./Aided Colleges. | 34,000/- |
| 2. | Lecturers | 1. | P.G. Degree (55%) with NET/Ph.D | 28,000 – 31,000/- |
| | | 2. | Without NET/ Ph.D | 26.500 – 29.500/- |

അനുബന്ധം II

കേരള സർവകലാശാല

*സംഗ്രഹം*

**കേരള സർവകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയസ്ഥാപങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാജീവനക്കാർക്ക് പ്രസവാവധി ആനുകൂല്യങ്ങൾ അനുവദിക്കുന്നത്- സംബന്ധിച്ച്**

ഭരണവിഭാഗം എ 5 വകുപ്പ്

നം. എഡി .എ 5.6927/2020 തിരുവനന്തപുരം തീയതി:02.03.2021

പരാമർശം: 17.02.2021 ലെ സിൻഡിക്കേറ്റ് തീരുമാനം (ഇനം.നം.23.02)

<u>ഉത്തരവ്</u>

കേരള സർവകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാജീവനക്കാർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ 08.01.2021-ലെ വനിതാകരാർ ജീവനക്കാരുടെ പ്രസവാവധി സംബന്ധിച്ച് ഉപാധികളും നിബന്ധനകളും തീരുമാനിക്കുന്നതിന് രൂപീകരിച്ച ഉപസമിതി ശുപാർശ ചെയ്തു .

1 . കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ കരാർ ദൈർഘ്യം കണക്കിലെടുക്കാതെ 180 ദിവസത്തേക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ പൂർണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നതിന്.

2. കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന് വിധേയമായി കരാർ ദൈർഘ്യം കണക്കിലെടുക്കാതെ ആറ് ആഴ്ചത്തേക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അതുവരെ പൂർണ ശമ്പളത്തോടെ മിസ് കാരേജ് / അബോർഷൻ അവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നതിന്.

3. പ്രസവം നടക്കാനിടയുള്ള തീയതിക്കോ അബോർഷൻ തീയതിക്ക് തൊട്ട് മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല

4. പ്രസ്തുത ഉത്തരവിന് 27.02.2018 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

(മറുപുറം )

മേൽ സൂചന പ്രകാരം, ഉപസമിതിയുടെ ശുപാർശകൾ അംഗീകരിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

മേൽ സൂചിപ്പിച്ച സിൻഡിക്കേറ്റ് തീരുമാനങ്ങൾ കേരള സർവകലാശാലയിൽ നടപ്പിലാക്കി വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

ഡോ.പി.രാഘവൻ
ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

(1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
(2) രജിസ്ട്രാർ/ എഫ്.ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്
(3) എല്ലാ വകുപ്പ് മേധാവികൾക്കും
(4) എല്ലാ ജെ .ആർ / ഡി .ആർ /എ .ആർ മാർക്കും
(5) ഫിനാൻസ്/ ഓഡിറ്റ്/അക്കൗണ്ട്സ്/എഡി.സി/ എഡി.VII/ എഡി.VII(A)സെക്ഷനുകൾ
(6) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ